# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3837

20.10. 2016-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. വിൻസെന്റ്<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ.റോജി. എം.ജോൺ<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾ 31.12.2007- ന് മുമ്പ് വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, മക്കളുടെ വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകി വരുന്നത്. മുതലിനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ പരമാവധി 75,000/- രൂപ വരെയുള്ള തുക കടാശ്വാസമായി നൽകുന്നു. മുതലിൽ ഇതിൽ കൂടുതൽ തുക ബാക്കി നില്പുണ്ടെങ്കിൽ ആയത് യുക്തമായ ഗഡുക്കളായി വായ്പക്കാരൻതന്നെ തിരിച്ചടയ്ക്കണം, മൊത്തം പലിശയുടെ 25% -ഉം കടാശ്വാസമായി നൽകുന്നു. ബാക്കി വരുന്ന 75% പലിശയും പിഴപ്പലിശയും മറ്റിനത്തിലുള്ള ചെലവുകളും വായ്പ നൽകിയ സ്ഥാപനം എഴുതി തള്ളി ഈട് വച്ചിട്ടുള്ള പ്രമാണങ്ങൾ തിരികെ നൽകണം എന്നതാണ് വ്യവസ്ഥ. |
| (സി) | എന്തു തുകയാണ് കടാശ്വാസത്തിനു വേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളത്? | (സി) | മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനും, കമ്മീഷന്റെ ഭരണച്ചെലവുകൾക്കുമായി 2016-2017 സാമ്പത്തികവർഷം 2405-00-800-21-34-എൻ.പി. എന്ന ശീർഷകത്തിൽ 17.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 50 കോടി രൂപ കൂടി 2016-17 വർഷം അനുവദിക്കുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ